"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ഒറ്റപ്പാലം ബി.ഇ.എം.യു.പി സ്കൂളിൽ 19/07/2021 മുതൽ പാർട്ട് ടൈം ഹിന്ദി അധ്യാപികയായ ശ്രീമതി ഷൈനി ജോർജ്ജ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2505/2022/GEDN തീയതി,തിരുവനന്തപുരം, 19-04-2022

---

പരാമർശം:-

1 30/01/2020ല ലെ സ.ഉ(സാധാ)നം.551/2020/പൊ വി വ ഉത്തരവ്

2 06/11/2012 ലെ സർക്കാർ സർക്കുലർ നം.ജെ2/58604/2012/പൊ.വി.വ

3 ശ്രീമതി ഷൈനി ജോർജ്ജിന്റെ അപേക്ഷ

4. 19/03/2022 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 599847/2022/GEDN നമ്പർ കത്ത്

5 24/09/2020 ലെ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/660/2020 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഉപജില്ല വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള ഒറ്റപ്പാലം ബി.ഇ.എം.യു.പി സ്കൂളിൽ 19/07/2012 മുതൽ പാർട്ട് ടൈം ഹിന്ദി അധ്യാപികയായ ശ്രീമതി ഷൈനി ജോർജ്ജ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. തന്റെ നിയമനം 06/11/2012 സർക്കുലർ നം.58604/2012/പൊ വി വ യിൽ ഇളവ് വരുത്തി ശമ്പള സ്കെയിലിൽ അംഗീകരിക്കണമെന്നതായിരുന്നു റിവിഷൻ ഹർജിയിലെ ആവശ്യം.

2. സർക്കാർ ഈ വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

3. ഇതേ ആവശ്യവുമായി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള (നം.14383/2019) വിധിന്യായത്തിൽ ഹർജിക്കാരിയുടെ റിവിഷൻ പെറ്റീഷൻ കേട്ട ശേഷം തീരുമാനമെടുക്കുവാൻ ഉത്തരവായതിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേട്ട ശേഷം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമന അംഗീകാരം ലഭിച്ചവർ പിൽക്കാലത്ത് അംഗീകാരത്തിന് അർഹരാകുമ്പോഴേക്കും ഉയർന്ന പ്രായ പരിധി കടന്നിട്ടുണ്ടെങ്കിൽ ആയതിന് ഇളവ് നൽകുന്നകാര്യം പരിഗണനാർഹമല്ലാത്ത സാഹചര്യത്തിൽ ശ്രീമതി.ഷൈനി ജോർജ് ഡിയുടെ റിവിഷൻ ഹർജി നിരസിച്ചു കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. ശ്രീമതി ഷൈനി ജോർജ്ജിന്റെ ജനനതീയതി 24/05/1970 ആണ്. ടിയാൾക്ക് പ്രായപരിധിയിൽ ഇളവ് അനുവദിച്ച നിയമനാംഗീകാരം നൽകേണ്ട പ്രത്യേക

സാഹചര്യങ്ങളൊന്നും തന്നെ ഹർജിക്കാരിയുടെ വിഷയത്തിൽ നിലനിൽക്കാത്ത സാഹചര്യത്തിൽ ടിയാളുടെ റിവിഷൻ ഹർജി നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം

ഡി. ഷൈനി ജോർജ്ജ്, ലോവർ ഗ്രേഡ് ഹിന്ദി അധ്യാപിക, ബി.ഇ.എം.യു.പി.സ്കൂൾ, ഒറ്റപ്പാലം, പാലക്കാട്

ഹെഡ് മാസ്റ്റർ, ബി.ഇ.എം.യു.പി.സ്കൂൾ, ഒറ്റപ്പാലം, പാലക്കാട്

മാനേജർ, ബി.ഇ.എം.യു.പി.സ്കൂൾ, ഒറ്റപ്പാലം, പാലക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 19-04-2022 12:30:54**
സെക്ഷൻ ഓഫീസർ